15-01-2022

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**



**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 15/01/2022

1. തിരുവനന്തപുരം പാളയം സാഫല്യം കോംപ്ലക്സിലെ കൃഷിഭവനിൽ സബ്ല്യൂ.സി.റ്റി തെങ്ങിൻ തൈകൾ 50 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർക്ക് കൃഷിഭവനിൽ നിന്നും തെങ്ങിൻ തൈകൾ വാങ്ങാവുന്നതാണെന്ന് കൃഷി ഓഫീസർ അറിയിച്ചു.

2. വെള്ളായണി കാർഷിക കോളേജിൽ നടന്നു വരുന്ന തെക്കൻ കേരളത്തിലെ നാടൻ മാവുകളെ കുറിച്ചുള്ള പഠനത്തിന്റെ ഭാഗമായി നല്ലയിനം മാവുകളുടെ പ്രവർദ്ധനവും സംരക്ഷണവും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി നല്ലയിനം മാവുകളുടെ പ്രവർദ്ധനവും സംരക്ഷണവും ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി തെക്കൻ കേരളത്തിലെ നല്ലയിനം നാടൻ മാവുകളെക്കുറിച്ചുള്ള വിവരം, അവ നിൽക്കുന്ന പ്രദേശം/മേൽവിലാസം/ ബന്ധപ്പെടേണ്ട ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ **9496366698, 9946867991** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് അറിയിക്കുകയോ വാട്ട്സാപ്പ് സന്ദേശം അയക്കുകയോ ചെയ്യണമെന്ന് വെള്ളായണി കാർഷിക കോളേജ് ഫ്രൂട്ട്സ് സയൻസ് വിഭാഗം മേധാവി അറിയിക്കുന്നു.

3. നെല്ലിനെ ആക്രമിക്കുന്ന **തണ്ടുതുരപ്പൻ, ഓലചുരുട്ടി** എന്നീ കീടങ്ങളുടെ ജൈവീക നിയന്ത്രണത്തിന് ഉപയോഗിക്കുന്ന **ട്രൈക്കോഗ്രാമ മുട്ടക്കാർഡുകൾ** ആലപ്പുഴ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ മുഖേന ലഭ്യമാക്കുന്നതാണ്. ആവശ്യമുള്ള കർഷകർ **8089638349** എന്ന നമ്പരിൽ ബന്ധപ്പെടുക.

4. കേന്ദ്രാവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ നടപ്പിലാക്കുന്ന സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖേന എം.ഐ.ഡി.എച്ച് പദ്ധതിയിൽ ഉൾപ്പെടുത്തി സാങ്കേതിക വിദ്യയുടെ വ്യാപനത്തിനായി പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് പൊതുമേഖലയിൽ 25 ലക്ഷം രൂപയും(100%), കർഷകരുടെ കൃഷി സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിന് 18.76 ലക്ഷം രൂപയും (75%) ധനസഹായം നൽകുന്നു.

5. തിരുവനന്തപുരം ആനയറ വേൾഡ് മാർക്കറ്റ് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കൃഷിവകുപ്പ് വിൽപ്പന കേന്ദ്രത്തിൽ മുട്ടയിടാൻ പ്രായമായ **ഗിരിരാജ** ഇനത്തിൽപ്പെട്ട കോഴികൾ ഒരെണ്ണം 300 രൂപ

നിരക്കിൽ വിൽക്കുന്നതിനായുള്ള ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **9746692422** എന്ന നമ്പരിൽ ബന്ധപ്പെടുക.

6. സി.പി.സി.ആർ.ഐ യുടെ കായംകുളത്തെ പ്രാദേശിക കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **സ്കിൽഡ് അസിസ്റ്റന്റ്** എന്ന തസ്തികയിലേക്ക് ഈ മാസം 20-ന് (ജനുവരി 20) എഴുത്ത്/പ്രായോഗിക പരീക്ഷയും ഇന്റർവ്യൂവും നടത്തുന്നു. പത്താം തരം പാസ്, അഗ്രോ/ഫുഡ് പ്രോസസിംഗ് മെഷിനറികളിലെ പ്രവർത്തി പരിചയം, ഇരുചക്രവാഹന ഡ്രൈവിംഗിൽ ഉള്ള പരിചയം എന്നിവയാണ് അടിസ്ഥാന യോഗ്യതകൾ. ഐ.ടി.ഐ/പോളിടെക്നിക്ക് ഡിപ്ലോമ അഭികാമ്യം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ഈ മാസം **18-നകം** (ജനുവരി 18) **0479-2959268, 2449268, 9447790268** എന്നീ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.kvkalappuzha.icar.gov.in , www.cpcri.icar.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുക.

7. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ 56 ദിവസം പ്രായമായ അത്യുൽപാദനശേഷിയുള്ള **ബി.വി 380, ഗ്രാമശ്രീ** എന്നീ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 160 രൂപ നിരക്കിൽ വില്പനയ്ക്ക് ലഭ്യമാണ്. താൽപര്യമുള്ളവർ **9400483754** എന്ന ഫോൺ നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ ബന്ധപ്പെടുക.

8. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയും സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനും ചേർന്ന് നടത്തുന്ന ആറു മാസത്തെ കോഴ്സായ **സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പൗൾട്രി ഫാമിംഗിലെ** 2022 ജനുവരി ബാച്ചിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കാനുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 8-ാം ക്ലാസ് ആണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 31 ആണ്. https://onlineadmission.ignou.ac.in/admission/ എന്ന ലിങ്ക് വഴി ഓൺലൈനായിട്ടാണ് അപേക്ഷിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് **9495000930, 9400608493** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

9. കർഷകക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കർഷകർക്ക് http://kfwfb.kerala.gov.in എന്ന വെബ് പോർട്ടൽ വഴി അപേക്ഷിക്കാം. പതിനെട്ടിനും 55-നും ഇടയിൽ പ്രായമുള്ള, മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. 100 രൂപ രജിസ്ട്രേഷൻ ഫീസടച്ച് അപേക്ഷിക്കണം. അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള, അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരാകണം അപേക്ഷകർ. ഉദ്യാനകൃഷി, ഔഷധ സസ്യക്കൃഷി, നടീൽ വസ്തുക്കളുടെ ഉത്പാദനവും വിൽപനയും, ഇടവിളകളുടെയും വൃക്ഷങ്ങളുടെയും പരിപാലനം, പച്ചക്കറി വളങ്ങൾ, തീറ്റപ്പുൽകൃഷി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം, അലങ്കാരമത്സ്യം, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട്, മുയൽ, കന്നുകാലി ഉൾപ്പെടെയുള്ളവയെ പരിപാലിക്കുന്നവർക്കും അപേക്ഷിക്കാം. കുറഞ്ഞത് അഞ്ചു വർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്നവരുടെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കും.

10. 1947-ലെ റബ്ബർ ആക്ട് റദ്ദാക്കുന്നതിനും റബ്ബർ (പ്രൊമോഷൻ & ഡെവലപ്മെന്റ്) **ബിൽ 2022** എന്ന പേരിൽ പുതിയ നിയമ നിർമ്മാണത്തിനുമായി കേന്ദ്രവാണിജ്യ വകുപ്പ് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും തേടുന്നു. കരടു ബില്ലിന്റെ കോപ്പി കൊമേഴ്സ് ഡിപ്പാർട്ടുമെന്റിന്റെയും (https://commerce.gov.in) റബ്ബർ ബോർഡിന്റെയും (http://rubberboard.gov.in) വെബ് സൈറ്റുകളിൽ ലഭ്യമാണ്. റബ്ബർമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർക്കും മറ്റുള്ളവർക്കും പുതിയ നിയമം സംബന്ധിച്ച കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും നിർദ്ദേശങ്ങളുമെല്ലാം ജനുവരി 21-ന് മുമ്പായി സെക്രട്ടറി, റബ്ബർബോർഡ്, സബ് ജയിൽ റോഡ്, കോട്ടയം-686002 എന്ന വിലാസത്തിലോ secretary@rubberboard.org.in എന്ന ഇ-മെയിലിലോ അറിയിക്കാവുന്നതാണ്.

## പരിശീലന പരിപാടികൾ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

11. കോഴിക്കോട് കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (ജനുവരി 15-ന്) **ജൈവകൃഷിയിൽ കാലിവളം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0496-2966041** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

12. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **17, 18 തീയതികളിൽ ആട് വളർത്തൽ, 24,25 തീയതികളിൽ പശുവളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471-2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

13. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 17-ന് (ജനുവരി 17) **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താൽപ്പര്യമുള്ളവർ **0484-2631355** എന്ന ഫോൺ നമ്പരിൽ വിളിച്ചോ **9188522708** എന്ന വാട്ട്സാപ്പ് നമ്പരിൽ പേരും പരിശീലന വിഷയവും വാട്ട്സാപ്പ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം